**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3582** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | [സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞു കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും തുക ഒടുക്ക് വരുത്താത്ത പക്ഷം കക്ഷിക്കെതിരെ 1968 ലെ റവന്യു റിക്കവറി നിയമപ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ പാട്ടം റദ്ദ് ചെയ്തു 1957 ലെ കേരള ഭൂസംരക്ഷണ നിയമവും ആയതിലെ ചട്ടങ്ങളും പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച എത്ര ഹെക്ടർ ഭൂമിയും നാളിതുവരെ പിടിച്ചെടുത്തു; ഇനി എത്ര പിടിച്ചെടുക്കാനുണ്ട്; വിശദമാക്കാമോ ? | (ബി) | ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞതും, പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായ 2.737 ഹെക്ടർ ഭൂമി നിലവിൽ തിരിച്ചെടുത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 0.2605 ഹെക്ടർ, കൊല്ലം ജില്ലയിലെ 94.സെന്റ്, ഇടുക്കി ജില്ലയിലെ 6.31 സെന്റ്, തൃശ്ശൂർ ജില്ലയിലെ 24 സെന്റ്, മലപ്പുറം ജില്ലയിലെ1. 6148 ഹെക്ടർ എന്നിങ്ങനെ ഭൂമി തിരിച്ചെടുക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ